# കണ്ണപുരം ഗ്രാമപഞ്ചായത്ത്

# കാര്യാലയം

# ബജറ്റ്

# 2025 – 26

**<u>അവതരണം</u>**

## ശ്രീ.എം ഗണേശൻ

**വൈസ്  പ്രസിഡണ്ട് &**

**ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ**

## *2025 മാർച്ച് 18 ചൊവ്വാഴ്ച*

(ധനകാര്യ സ്ഥിരം സമിതിയുടെ 14/03/2025 തീയ്യതിയിലെ 54/2025 നമ്പർ തീരുമാനപ്രകാരം ഭരണസമിതിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്തത്)

# <u>കണ്ണപുരം ഗ്രാമ പഞ്ചായത്ത് ബജറ്റ് 2025-26</u>



കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2020 ഡിസംബർ മാസം സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന ഭരണസമിതിയുടെ അഞ്ചാമത്തേതും അവസാനത്തേതുമായ 2025-26 വർഷത്തെ ബജറ്റ് അവതരണ യോഗത്തിന്റെ അദ്ധ്യക്ഷ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീമതി.കെ.രതി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/ ചെയർപേഴ്സൺമാർ, പഞ്ചായത്ത് അംഗങ്ങൾ, ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ഘടകസ്ഥാപന മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, മാധ്യമപ്രവർത്തകർ, മറ്റ് വിശിഷ്ട വ്യക്തികൾ തുടങ്ങി ഏവരേയും 2025-26 വാർഷിക ബജറ്റ് അവതരണത്തിനുള്ള ഈ പ്രത്യേക യോഗത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

കേന്ദ്ര ഗവൺമെന്റ് കേരള ജനതയോട് കാണിക്കുന്ന വിവേചനപരമായ സാമ്പത്തിക അവഗണന കാരണം സംസ്ഥാനം നേരിടുന്ന വലിയ സാമ്പത്തിക പ്രയാസങ്ങളുടെ ഇടയിലാണ് നാം ഈ ബജറ്റ് അവതരിപ്പിക്കുന്നത്. മലയാളത്തിന്റെ മഹാകവി

വയലാറിന്റെ അശ്വമേധം എന്ന കവിതയിലെ ആദ്യവരികളാണ് ഈ അവസരത്തിൽ മനസ്സിലേക്ക് കടന്നു വരുന്നത്.

“ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരോരാളതിൻ മാർഗ്ഗം മുടക്കുവാൻ
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ”

2020 ൽ ആരംഭിച്ച് നാല് ബജറ്റുകൾ പിന്നിട്ട് അഞ്ചാം ബജറ്റിലെത്തി നിൽക്കുമ്പോൾ കണ്ണപുരം ഗ്രാമപഞ്ചായത്ത് അതിദരിദ്രരില്ലാത്ത - മാലിന്യമുക്ത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കെത്തുകയാണ്. സംസ്ഥാന സർക്കാറിന്റെ പ്രവർത്തനപഥങ്ങളിലൂടെ സഞ്ചരിച്ച് അനിവാര്യതകളെ മുറുകെ പിടിച്ച് ആവശ്യകതയെ ലക്ഷ്യത്തിലെത്തിച്ച് കൊണ്ടുള്ള മുന്നേറ്റത്തെ തടയാൻ ആർക്കുമാവില്ല എന്നതാണ് ഈ വരികളിലൂടെ പറഞ്ഞു വെക്കുന്നത്. സാമൂഹ്യ നീതിയിലധിഷ്ഠിതമായ ജനകീയ മുന്നേറ്റത്തിന് നമുക്ക് പാതയൊരുക്കാം. നേരത്തെ അവതരിപ്പിച്ച നാല് ബജറ്റ് അവതരണ വേളയിലും ഉണ്ടായ അതേ നിലപാട് തന്നെയാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും കേരളത്തോട് തുടരുന്നത്. സാമ്പത്തികമായി ഞെരുക്കുമ്പോഴും അതിജീവനത്തിന്റെ കരുത്തുമായി നാം മുന്നേറുക തന്നെ ചെയ്യും.

2025 മാർച്ച് മാസം നമ്മുടെ കേരളം അതിദരിദ്രരില്ലാത്ത കേരളമാവുമ്പോഴും മാലിന്യമുക്ത നവകേരളമാകുമ്പോഴും

നമ്മുടെ കണ്ണപുരം ഗ്രാമപഞ്ചായത്തും ഈ നേട്ടത്തിനൊപ്പമുണ്ടാവും എന്നത് ഏറെ അഭിമാനകരമാണ്.

“ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത് –

സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു”

മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ തന്നെയാണ് ശ്രമകരമായ പ്രവർത്തനത്തനങ്ങൾക്ക് നമുക്ക് കൈമുതലാകുന്നത്.

2025-26 വർഷത്തെ ബജറ്റ് അവതരണ വേളയിൽ സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സുസ്ഥിരവും ആധുനികവും മാലിന്യമുക്തവുമായ ഒരു ഗ്രാമപഞ്ചായത്ത് എന്ന കാഴ്ച്ചപ്പാടിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നാം ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ വികസന കാഴ്ച്ചപ്പാടിന്റെ ഭാഗമായി ബജറ്റിൽ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം വർദ്ധിപ്പിച്ചത് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെയും വികസന പ്രവർത്തനങ്ങൾക്ക് കരുത്താകും. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടേയും ജില്ലാ-ബ്ളോക്ക് പഞ്ചായത്തുകളുടെയും വിഹിതവും തനത് ഫണ്ടും ഉപയോഗിച്ചാണ് ഗ്രാമപഞ്ചായത്ത് വികസനപ്രവർത്തനങ്ങൾ നടത്തി വരുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലകളാണ് കുടിവെള്ളം, വൈദ്യുതി, പാർപ്പിടം. ഈ അനിവാര്യതയെ കണ്ടുകൊണ്ടാണ് ഗ്രാമപഞ്ചായത്ത്

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഗ്രാമീണജനതയുടെ ക്ഷേമവും വികസനവും മുൻനിർത്തി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് മുന്നോട്ട് വയ്ക്കുന്നത്. ഗ്രാമീണ റോഡുകൾ, ജലസ്രോതസ്സുകൾ, ജലാശയങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. സ്ത്രീപക്ഷ നവകേരളം, മാലിന്യമുക്ത നവകേരളം, ശിശുസൌഹൃദം, വയോജന സൌഹൃദം, ഭിന്നശേഷി സൌഹൃദം എന്നിവ മുഖമുദ്രയാക്കുന്നു.

സ്ത്രീസൌഹൃദം എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി ജില്ലാപഞ്ചായത്തുമായി സഹകരിച്ച് "സ്ത്രീപദവി പഠനം" എന്ന പദ്ധതി പൂർത്തീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. കുടുംബശ്രീ സി ഡി എസ് മുൻകൈയ്യിൽ സ്വയംതൊഴിൽ സംരംഭങ്ങൾ 2025-26 വർഷത്തിലും തുടരും. വനിതകൾക്കായുള്ള പദ്ധതികൾക്കായി 1,77,400/- രൂപ വകയിരുത്തിയിട്ടുണ്ട്.

"എൻറെ തൊഴിൽ എന്റെ അഭിമാനം" വ്യവസായ സംരംഭകർക്ക് കൈ താങ്ങാകുന്ന പ്രവർത്തനങ്ങളുമായി നാം ഏറെ മുന്നേറിയിരിക്കുന്നു.

ഭവന മേഖലയിൽ 47,48,000/- രൂപ വകയിരുത്തുന്നു. നെറ്റ് സീറോ കാർബൺ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ അഭിമാന പദ്ധതിയായി മാറാൻ പോവുകയാണ്. തുടർന്നുള്ള പ്രവർത്തനങ്ങൾക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

കാർഷിക മേഖലയ്ക്ക് ഈ സാമ്പത്തിക വർഷം ഏറെ പദ്ധതികളാണ് പഞ്ചായത്ത് മുന്നോട്ട് വയ്ക്കുന്നത്. നെൽകൃഷി വ്യാപനം, തെങ്ങ്, കുരുമുളക് കൃഷി, പച്ചക്കറികൃഷി പ്രോത്സാഹനം തുടങ്ങിയവ നടപ്പിലാക്കുന്നു. കാർഷിക മേഖലയിലേക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെക്കൂടി ഉപയോഗപ്പെടുത്തി പച്ചക്കറി ക്ലസ്റ്ററുകൾക്ക് പ്രാമുഖ്യം നൽകുന്നു. കുടുംബശ്രീ സി ഡി എസ് മുൻകൈയ്യിൽ ജെ എൽ ജി ഗ്രൂപ്പുകൾ രൂപീകരിച്ച് സബ്സിഡി ആനുകൂല്യങ്ങൾ നൽകി വരുന്നു. നല്ലയിനം വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ നൽകിയും പച്ചക്കറി സ്വയം പര്യാപ്തതയിലേക്ക് എത്തിക്കാൻ അടുക്കള തോട്ടങ്ങൾ പ്രോത്സാഹിപ്പിച്ചും പ്രവർത്തിക്കുന്നു. ടൂറിസം സാധ്യതയുള്ള അയ്യോത്ത് പോലുള്ള പ്രദേശങ്ങളിൽ സൂര്യകാന്തി കൃഷി പദ്ധതിക്ക് ബജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

മൃഗസംരക്ഷണ–ക്ഷീരവികസന മേഖലയിൽ തുടർ പദ്ധതികൾക്കൊപ്പം പേവിഷബാധ ക്യാമ്പയിനുകളുടെ നടത്തിപ്പിനും ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന എബിസി പദ്ധതിയോട് സഹകരിച്ച് പ്രവർത്തിക്കുന്നതിനും പരിഗണന നൽകുന്നു. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കാലിതീറ്റക്ക് സബ്സിഡി തുടങ്ങിയ പദ്ധതികൾക്കൊപ്പം വെറ്ററിനറി സബ്സെന്ററുകളുടെ അടിസ്ഥാന സൌകര്യ വികസനത്തിനും തുക വകയിരുത്തിയിട്ടുണ്ട്. ഉല്പാദന മേഖലയിലെ പദ്ധതി

പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 84,08,200/- രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ സ്കൂളായ ഗവ. സൌത്ത് എൽ പി സ്കൂളിന് അടിസ്ഥാന സൌകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. എസ്എസ്കെ പഞ്ചായത്ത് വീഹിതമായി 300000 രൂപ വകയിരുത്തുന്നു. “സമ്പൂർണ്ണ ഡിജിറ്റൽസാക്ഷരത പഞ്ചായത്ത്” പ്രഖ്യാപനം നടത്തുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ബഹ. എംഎൽഎയുടെ സ്വപ്നപദ്ധതി ചെറുകുന്ന് സൌത്ത് എൽപി സ്കൂൾ രാജ്യന്തര നിലവാരത്തിലേക്ക് മാറ്റുന്നതിന് എംഎൽഎ ഫണ്ടിൽ നിന്നും രണ്ട് കോട് രൂപയും ബജറ്റ് വിഹിതമായി ഒരു കോടി രൂപയും വകയിരുത്തിയത് നാടിന് ആകെ അഭിമാനമാകാൻ പോകുകയാണ്.

ആരോഗ്യമേഖല അതീവ പ്രാധാന്യത്തോടെ നാം കാണുന്നു. പാലിയേറ്റീവ് പ്രവർത്തനങ്ങൾ, കുടുംബാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവയുടെ പ്രവർത്തനം മികച്ച രീതിയിലാണ്. ആവശ്യമായ ഘട്ടങ്ങളിൽ ആരോഗ്യ ബോധവൽകരണ ക്ലാസുകൾ, കുത്തിവെയ്പ്പ് ക്യാമ്പുകൾ, അതിദരിദ്ര കുടുംബങ്ങൾക്കുള്ള അടിയന്തിര പരിചരണ പദ്ധതി എന്നിവ നടത്തുന്നു. ലഹരിക്കെതിരെയുള്ള ബോധവൽകരണപ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കും. സജീവമായ ആയുർവ്വേദ- ഹോമിയോ മേഖലകളുടെ അടിസ്ഥാന സൌകര്യവികസനത്തിനും ഗ്രാമ പഞ്ചായത്ത്

നല്ല പരിഗണന നൽകുന്നു. കൂടാതെ അഭിമാന പദ്ധതിയായ സമ്പൂർണ്ണ കാൻസർ വിമുക്ത ഗ്രാമപഞ്ചായത്ത് പദ്ധതിക്കായി 5,00,000/- രൂപ വകയിരുത്തുന്നു.

<u>മാലിന്യമുക്ത നവകേരളം</u>

മാലിന്യസംസ്കരണ രംഗത്ത് നല്ല ഇടപെടലുകളാണ് ഗ്രാമപഞ്ചായത്ത് നടത്തിവരുന്നത്. ഹരിതകർമ്മസേനയെ വിപുലപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കി. 14 വാർഡുകളിലുമായി 28 മിനി എം സ് എഫ് സ്ഥാപിച്ചു. ജൈവമാലിന്യ സംസ്കരണത്തിന് വീടുകളിൽ റിംഗ് കമ്പോസ്റ്റുകൾ വിതരണം പൂർത്തിയായി വരുന്നു. സ്കൂളുകളിൽ കളക്ടേഴ്സ് ബിന്നുകൾ സ്ഥാപിച്ചും ഹരിത ടൌണുകളിൽ അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ബിന്നുകൾ സ്ഥാപിച്ചും സർവ്വതലങ്ങളിലും ഇടപെടുന്നു. മുഴുവൻ വീടുകളിലും റിംഗ് കമ്പോസ്റ്റ് എന്ന ലക്ഷ്യത്തിലേക്ക് ഈ വർഷവും തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കും.

<u>ബാലസൌഹൃദം</u>

ബാലസൌഹൃദം എന്ന ലക്ഷ്യവുമായി ബാലമേളകൾ, ബാല പഞ്ചായത്ത്, ക്യാമ്പുകൾ എന്നിവയ്ക്ക് പുറമേ കലാകായിക പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. ശിശുസൌഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി അങ്കണവാടികളുടെ അടിസ്ഥാന സൌകര്യവികസനത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കുട്ടികളുടെയും

ഭിന്നശേഷിയുള്ളവരുടെയും ക്ഷേമത്തിനായി 8,87,000/- രൂപ വകയിരുത്തുന്നു. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിനായി 10,00,000/- രൂപ വകയിരുത്തുന്നു.

<u>വയോജന സൌഹൃദം</u>

വയോജനക്ഷേമം എന്നത് അലങ്കാരമായി പറഞ്ഞു പോകേണ്ട ഒന്നല്ല. അതുകൊണ്ട് തന്നെ ഗൌരവമായ ഇടപെടൽ അത്യാവശ്യമാണെന്ന തിരിച്ചറിവിന്റ അടിസ്ഥാനത്തിൽ 8,87,000/- രൂപ വയോജനക്ഷേമത്തിനായി ബജറ്റിൽ വകയിരുത്തുന്നു. വയോജനമേള, വയോജനസഭ, മെഡിക്കൽ ക്യാമ്പ്, വാതിൽപടി സേവനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ മികവോടെ ചെയ്യാൻ സാധിക്കുന്നു. വയോജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയുള്ള പദ്ധതികളും നടപ്പിലാക്കുന്നു.

പട്ടികജാതി വിഭാഗങ്ങൾക്ക് ആവശ്യമായ വിവിധങ്ങളായ പദ്ധതികളും നാം ഈ സാമ്പത്തിക വർഷവും മുന്നോട്ട് വെയ്ക്കുന്നു. പട്ടികജാതി ക്ഷേമത്തിനായി 31,08,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2025ഓട് കൂടി അതിദരിദ്രരില്ലാത്ത കേരളം എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് നമ്മുടെ പഞ്ചായത്തും കൈകോർക്കുന്നു. ആശ്രയ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണം, ആവശ്യമായ മറ്റ് സഹായങ്ങൾ എന്നിവയും ചെയ്ത് വരുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി സൌകര്യങ്ങൾ ഒരുക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

മികച്ച പൊതുഗതാഗത സൌകര്യം ഉറപ്പു വരുത്തുന്നതിന് ലഭ്യമായ എല്ലാ വിഭവങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തെരുവുവിളക്കുകൾ പരിപാലിക്കുന്നതിന് പരമാവധി തുക വകയിരുത്തിയിട്ടുണ്ട്.

നമ്മുടെ കാഴ്ച്ചപ്പാടുകൾ നാടിന്റെ നന്മയ്ക്കും ജനക്ഷേമത്തിനും ഉതകുന്നവാകട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് 2025-26 കരട് വാർഷിക ബജറ്റ് നിങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

പ്രിയപ്പെട്ടവരെ,

2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കും കെ സ്മാർട്ട് വ്യാപിപ്പിക്കുകയാണല്ലോ. ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുന്നതിനും നൂതന ആശയങ്ങളും പുതിയ സാങ്കേതിക വിദ്യകളും ഉൾപ്പെടുത്തിയ ഈ സോഫ്റ്റ് വെയറും മൊബൈൽ ആപ്പും ഉപയോഗപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം. പൊതുജനങ്ങൾക്ക് ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ സ്മാർട്ട് ഫോൺ മുഖേന സേവനങ്ങൾ വിരൽ തുമ്പിലെത്തുമെന്നത് നമുക്ക് ഏറെ സന്തോഷം നൽകുന്നു.

കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് സംസ്ഥാന സർക്കാർ ബജറ്റിൽ മുന്നോട്ടുവെച്ച അനിവാര്യ ഘടകങ്ങളെയെല്ലാം ഉൾക്കൊള്ളിച്ച് കൊണ്ട് തയ്യാറാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പരിമിതമായ വിഭവങ്ങളാണ് നമ്മുടെ മുന്നിലുള്ളതെങ്കിലും വിപുലമായ ആവശ്യകതയാണ് നമുക്കുള്ളത്. മാനവ വിഭവ ശേഷിയെ കൈമുതലാക്കി എല്ലാ ജനവിഭാഗങ്ങളേയും പരിഗണിച്ച് ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും വഴിയിലൂടെ നമുക്ക് മുന്നേറാനുള്ള ചെറുവെട്ടമായി ഈ ബജറ്റ് മാറുമെന്ന് പ്രതീക്ഷിച്ചുകൊണ്ടും ഈ ബജറ്റ് അവതരണത്തിന് സഹകരിച്ച എല്ലാവരോടും നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ടും പ്രിയകവി കടമ്മനിട്ടയുടെ വരികൾ ഓർമ്മപ്പെടുത്തി ക്കൊണ്ട് ഈ ഭരണ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

‘ദൂരമേറെ നാം താണ്ടിയെന്നാലും
താണ്ടുവാനുണ്ട് ഇനിയുമേറെദൂരം
തേരൊരുങ്ങിക്കഴിഞ്ഞിരിക്കുന്നു
തേരിലേറുവാൻ വേഗമാകട്ടെ’

(ഒപ്പ്)

എം. ഗണേശൻ

വൈസ് പ്രസിഡണ്ട് &

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

കണ്ണപുരം

18.03.2025